**KERALA POLICE INFORMATION CENTRE**

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.24/PR/PIC/PHQ/17 Date : 06.02.2017

## പോലീസിന് കൂടുതൽ പ്രൊഫഷണൽ മികവു നല്കുന്നതിന് വിവിധ പദ്ധതികൾ നടപ്പാക്കും- മുഖ്യമന്ത്രി പിണറായി വിജയൻ

പോലീസിന് കൂടുതൽ പ്രൊഫഷണൽ മികവു നല്കുന്നതിന് സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിയുള്ള വിവിധ പദ്ധതികൾ നടപ്പാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കേരള പോലീസിന്റെ വിവിധ ഡിജിറ്റൽ പദ്ധതികളുടെ ഉദ്ഘാടനം തിരുവനന്തപുരം ടാഗോർ തിയേറ്ററിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

സാങ്കേതിക വിദ്യയിൽ വരുന്ന കുതിച്ചുചാട്ടം കൂടുതൽ വിദഗ്ധമായി കുറ്റകൃത്യങ്ങൾ ചെയ്യാനും അതിൽ നിന്ന് രക്ഷപ്പെടാനും കുറ്റവാളികൾ ഉപയോഗപ്പെടുത്തുന്നത് പോലീസിനെ ഏറെ ബുദ്ധിമുട്ടിക്കുന്നു. അതേസമയം കുറ്റകൃത്യങ്ങൾ വേഗത്തിൽ തെളിയിക്കുന്നതിനും ഫലപ്രദമായി തടയുന്നതിനും സാങ്കേതിവിദ്യാവളർച്ച പോലീസിനെ സഹായിക്കുന്നുമുണ്ട്. ഈ രണ്ടു സാഹചര്യവും കൃത്യമായി വിലയിരുത്തി പ്രവർത്തനങ്ങളിൽ അതനുസരിച്ച് വേണ്ട പരിഷ്കരണങ്ങൾ വരുത്തുകയെന്നതാണ് മികവു വർദ്ധിപ്പിക്കുന്നതിന് ഏതൊരു പോലീസ് സേനയും ചെയ്യേണ്ടത്.

ജനസൗഹൃദപരമായ പ്രവർത്തന ശൈലിയിലേക്ക് പോലീസ് പൂർണമായി മാറണമെന്നതാണ് സർക്കാരിന്റെ കാഴ്ചപ്പാട്. ഈ ലക്ഷ്യം നേടുന്നതിന് സാങ്കേതികവിദ്യ ഏറ്റവും ഫലപ്രദമായി ഉപയോഗപ്പെടുത്തേണ്ടതുണ്ട്. ഇതിനുവേണ്ട പണവും അടിസ്ഥാന സൗകര്യങ്ങളും സർക്കാർ നല്കും. അതിന്റെ ഭാഗമായാണ് പോലീസ് വകുപ്പിലെ ഏതാണ്ട് മുഴുവൻ ജീവനക്കാർക്കും സിം കാർഡ് വിതരണം ചെയ്യുന്ന 'സംഹിത' എന്ന പേരിലുള്ള പദ്ധതി. ഇപ്പോൾ പുതുതായി നല്കുന്ന 36084 സിം ഉൾപ്പെടെ 51084 പേർക്ക് സിം കാർഡുകൾ ലഭിക്കും. പോലീസ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആശയവിനിമയം ഫലപ്രദമാക്കുന്നതിനും ഏറെ സഹായകമായ ഒന്നായി ഇതു മാറും. സൈബർ കുറ്റകൃത്യങ്ങളുടെ ക്രമാതീതമായ വളർച്ചയുടെ പശ്ചാത്തലത്തിലാണ് 'കാക്കി ഹാറ്റ്സ് 'എന്ന പദ്ധതി ആരംഭിക്കുന്നത്. കേരള പോലീസ് എത്തിക്കൽ ഹാക്കർമാരുടെ യൂണിറ്റ് ഇതിന്റെ ഭാഗമായി നിലവിൽ വരും. സൈബർ കുറ്റവാളികളെ ഫലപ്രദമായി നേരിടുന്നതിനും നിയമത്തിനു മുന്നിൽ എത്തിക്കുന്നതിനും പ്രാപ്തമായ ഒരു സൈബർസേനയെ വാർത്തെടുക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. സംസ്ഥാനത്തെ മുഴുവൻ പോലീസ് വുകപ്പുദ്യോഗസ്ഥർക്കും ചിപ്പ് ഘടിപ്പിച്ച 'ക്ലോൺ ഫ്രീ ഹൈടെക് സ്മാർട്ട് കാർഡ്' നൽകുന്നതിനുള്ള സംവിധാനമാണ് മറ്റൊന്ന്. ഉദ്യോഗസ്ഥർക്കു ലഭിക്കേണ്ട ധനപരവും ഭരണപരവുമായ സേവനങ്ങൾ കൂടുതൽ ഫലപ്രദമാക്കുന്നതിന് ലക്ഷ്യമിട്ടാണ്. സി-ഡാക്കുമായി സഹകരിച്ച് ഈ പദ്ധതി നടപ്പാക്കുന്നത്.

പോലീസിൽ സാങ്കേതികവിദ്യാരംഗത്ത് കൂടുതൽ മാറ്റങ്ങൾക്ക് ഈ സർക്കാർ തുടക്കമിട്ടുകഴിഞ്ഞു. എല്ലാ പോലീസ് സ്റ്റേഷനുകളിലും ഓഫീസുകളിലും കമ്പ്യൂട്ടർ ശൃംഖല നേരത്തേ നിലവിലുണ്ട്. പോലീസിന്റെ പരിഷ്കരിച്ച വെബ്പോർട്ടൽ, ഇന്ത്യയിലാദ്യമായി ഓൺലൈൻ എഫ്.ഐ.ആർ ട്രാഫിക് ഫൈനുകൾ ഓൺലൈനായി അടയ്ക്കാനും പാസ്പോർട്ട് സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കാനുമുള്ള സംവിധാനങ്ങൾ, ട്രാഫിക് ബോധവത്കരണത്തിനുള്ള വീഡിയോ ഗെയിമും സ്മാർട്ട് ക്ലാസ്സ് റൂമും. ട്രാഫിക് അപകടങ്ങൾ തടയുന്നതിന് കൂടുതൽ നിരീക്ഷണ ക്യാമറകൾ ഇവയൊക്കെ ഇതിന്റെ ഭാഗമാണ്.

പോലീസിൽ വനിതാബറ്റാലിയൻ രൂപീകരിക്കുന്നതിന് വിവിധ റാങ്കുകളിലായി 451 തസ്തികകൾ അനുവദിച്ചുകഴിഞ്ഞു. എട്ടു പുതിയ തീരദേശ പോലീസ് സ്റ്റേഷനുകളും അവയ്ക്കായി 232 തസ്തികകളും അനുവദിച്ചു. ഡ്രൈവർമാരുടെ കുറവ് പോലീസിൽ വലിയ പ്രശ്നമായിരുന്നു. ഇതു പരിഹരിക്കാൻ ആദ്യപടിയായി 400 ഡ്രൈവർ തസ്തികകൾ സൃഷ്ടിച്ചു.

ഇത്തരത്തിലുള്ള എല്ലാ സംവിധാനങ്ങളും പോലീസിനെ ജനാധിപത്യവത്കരിക്കാനും സുതാര്യത ഉറപ്പുവരുത്താനും ജനങ്ങൾക്ക് കൂടുതൽ മികച്ച സേവനം നൽകാനും ഉപയോഗപ്പെടുത്തണമെന്ന് മുഖ്യമന്ത്രി നിർദേശിച്ചു. പോലീസിനെക്കാണുമ്പോൾ ഭയമല്ല, ആശ്വാസം തോന്നുന്ന അവസ്ഥയുണ്ടാകണം. സാങ്കേതികവിദ്യയിൽ മുന്നേറുന്നതിനൊപ്പംപോലീസ് സ്റ്റേഷനുകളുടെയും ഓഫീസുകളുടെയും ശുചിത്വവും പ്രവർത്തനരീതികളും മെച്ചപ്പെടുത്തണമെന്നും അദ്ദേഹം നിർദേശിച്ചു.

വി.എസ്.ശിവകുമാർ എം.എൽ.എ അധ്യക്ഷത വഹിച്ച ചടങ്ങിൽ സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ സ്വാഗതം പറഞ്ഞു. ഐ.എം.ജി ഡയറക്ടർ ജനറൽ സത്യജീത് രാജൻ, ബി.എസ്.എൻ.എൽ. ജനറൽ മാനേജർ എസ്.ജ്യോതി ശങ്കർ, സി-ഡാക് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. ബി. രമണി, കേരള പോലീസ് ഓഫീസേഴ്സ് അസോസിയേഷൻ പ്രസിഡന്റ് ഡി.കെ.പൃഥ്വിരാജ്, കേരള പോലീസ് അസോസിയേഷൻ പ്രസിഡന്റ് ടി.എസ്.ബൈജു എന്നിവർ സംസാരിച്ചു. ഐ.ജി. മനോജ് എബ്രഹാം കൃതജ്ഞത പ്രകാശിപ്പിച്ചു.

***********